**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :823**

**11.07.2016 ലെ മറുപടിയ്ക്ക്**

**കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.പി. കെ. ബഷീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് എന്ന് മുതൽക്കാണെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം 01/04/2010 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ: വിശദാംശം ലഭ്യമാണോ; | (ബി) സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. |
| (സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) വിദ്യാഭ്യാസ അവകാശം നിയമത്തിന് വിരുദ്ധമായും, മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്കൊന്നിനും അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നത് സമീപ പ്രദേശങ്ങളിലെ സർക്കാർ / എയിഡഡ് വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട് ഇവിടങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുകയും തന്മൂലം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

T. Anil Raj

സെക്ഷൻ ഓഫീസർ